# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 19.03.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ഒന്നാംഘട്ട ലോക്സഭാ തെരഞ്ഞെടുപ്പിനുള്ള വിജ്ഞാപനം കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ നാളെ പുറപ്പെടുവിക്കും ; ക്രമീകരണങ്ങൾ സ്വതന്ത്രവും നീതിപൂർവ്വവുമാകണമെന്ന് സംസ്ഥാന, ജില്ലാ ഭരണകൂടങ്ങൾക്ക് കമ്മീഷന്റെ നിർദ്ദേശം.

   **The Central Election Commission will issue the first phase notification for the Lok Sabha elections tomorrow ; Commission's directive to state and district administrations that arrangements should be free and fair.**

2. രാജ്യത്താകെ തിരഞ്ഞെടുപ്പ് പ്രചാരണം സജീവം ; എൻ ഡി എ-യുടെ പ്രചാരണത്തിനായി പ്രധാനമന്ത്രി നരേന്ദ്രമോദി പാലക്കാട് റോഡ് ഷോയിൽ പങ്കെടുത്തു ; പ്രകടന പത്രികയുടെ കരട് , കോൺഗ്രസ് പ്രവർത്തക സമിതി ചർച്ച ചെയ്തു.

   **Campaigning for loksabha polls intensifies all over the country; Prime Minister and senior BJP leader Narendra Modi today participated in a roadshow in Palakkad as part of the NDA campaign. The Congress Working Committee today discussed the party's manifesto for the Lok Sabha polls.**

3. പൗരത്വ ഭേദഗതി നിയമം സ്റ്റേ ചെയ്യണമെന്ന ആവശ്യം നിരസിച്ച് സുപ്രീംകോടതി ; മൂന്നാഴ്ചയ്ക്കകം മറുപടി നല്കാൻ കേന്ദ്ര സർക്കാരിന് നിർദ്ദേശം.

   **The Supreme Court today refused to stay implementation of the Citizenship Amendment Act ; The next hearing in this case has been set for April 9th.**

4. രാഷ്ട്രീയ ലോക് ജൻ ശക്തി പാർട്ടി നേതാവ് പശുപതി കുമാർ പരസ് കേന്ദ്രമന്ത്രിസഭയിൽ നിന്ന് രാജി വച്ചു ; ബീഹാറിൽ സീറ്റ് ലഭിക്കാത്തതിനെ തുടർന്നാണ് രാജി.

Union Minister and Rashtriya Lok Janshakti Party Chief Pashupati Kumar Paras today resigned from the Union Cabinet.

5. ലോക്സഭാ തിരഞ്ഞെടുപ്പിനോടനുബന്ധിച്ച് സാമൂഹ്യമാധ്യമങ്ങൾ നിരീക്ഷിക്കാൻ കേരളത്തിൽ പ്രത്യേക പൊലീസ് സംഘം .

In Kerala, special police teams are set up to monitor the social media handles, in view of Lok Sabha polls

**********************

HEADLINE- 2

## NEW KERALA-PM ROADSHOW - TN-SALEM

എൻഡിഎയുടെ തിരഞ്ഞെടുപ്പ് പ്രചാരണത്തിന്റെ ഭാഗമായി പ്രധാനമന്ത്രിയും മുതിർന്ന ബിജെപി നേതാവുമായ നരേന്ദ്ര മോദി ഇന്ന് പാലക്കാട് സംഘടിപ്പിച്ച റോഡ്ഷോയിൽ പങ്കെടുത്തു. പൊതുതിരഞ്ഞെടുപ്പ് പ്രഖ്യാപനത്തിന് ശേഷം മോദിയുടെ കേരളത്തിലെ ആദ്യ പ്രചാരണ പരിപാടിയായിരുന്നു ഇത്. റോഡ്ഷോയിൽ പ്രധാനമന്ത്രിക്കൊപ്പം ബിജെപി സംസ്ഥാന അധ്യക്ഷൻ കെ.സുരേന്ദ്രനും പാലക്കാട്, പൊന്നാനി എന്നീ ലോക്സഭാ മണ്ഡലങ്ങളിലെ എൻഡിഎ സ്ഥാനാർഥികളും പങ്കെടുത്തു. റോഡ്ഷോയ്ക്ക് ശേഷം അദ്ദേഹം തമിഴ്നാട്ടിലെ സേലത്ത് ഒരു തിരഞ്ഞെടുപ്പ് പൊതുയോഗത്തെ അഭിസംബോധന ചെയ്തു. പിഎംകെയുമായുള്ള സീറ്റ് വിഭജനത്തെ തുടർന്ന് എൻഡിഎയ്ക്ക് പുതിയ ഊർജം ലഭിച്ചെന്നും പ്രധാനമന്ത്രി സേലത്ത് പറഞ്ഞു.

**********************

## BJP- PMK

തമിഴ്നാട്ടിൽ ലോക്സഭാ തെരഞ്ഞെടുപ്പിൽ പാട്ടാളി മക്കൾ കച്ചി പാർട്ടിയുമായി ബിജെപി സഖ്യമുണ്ടാക്കി. 10

മണ്ഡലങ്ങളിൽ പിഎംകെ മത്സരിക്കും. പിഎംകെ സ്ഥാപകൻ എസ് രാമദോസ്, പിഎംകെ അധ്യക്ഷൻ അൻബുമണി രാമദോസ്, ബിജെപി സംസ്ഥാന അധ്യക്ഷൻ കെ അണ്ണാമലൈ എന്നിവർ സീറ്റ് വിഭജന ചർച്ചയിൽ പങ്കെടുത്തു.

***********************

## CONG- CWC MEETING

ലോക്സഭാ തിരഞ്ഞെടുപ്പിനുള്ള പ്രകടന പത്രിക സംബന്ധിച്ച ചർച്ചകൾക്കായി കോൺഗ്രസ്സ് പ്രവർത്തക സമിതി യോഗം ന്യൂഡൽഹിയിൽ ചേർന്നു. പാർട്ടി അധ്യക്ഷൻ മല്ലികാർജ്ജുൻ ഖർഗെ, മുതിർന്ന നേതാക്കളായ സോണിയ ഗാന്ധി, രാഹുൽ ഗാന്ധി, പ്രിയങ്ക ഗാന്ധി, പി ചിദംബരം, കെ സി വേണുഗോപാൽ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു. കർഷകർ, യുവജനങ്ങൾ, വനിതകൾ, തൊഴിലാളികൾ തുടങ്ങിയ വിഭാഗങ്ങളുടെ ക്ഷേമത്തിന് ഊന്നൽ നൽകുന്നതായിരിക്കും കോൺഗ്രസിന്റെ പ്രകടന പത്രികയെന്ന് മല്ലികാർജ്ജുൻ ഖർഗേ സമൂഹമാധ്യമത്തിൽ കുറിച്ചു. രാജ്യം മാറ്റം ആഗ്രഹിക്കുന്നതായും അദ്ദേഹം പറഞ്ഞു. തിരഞ്ഞെടുപ്പിനുള്ള അന്തിമ സ്ഥാനാർത്ഥി നിർണ്ണയ ചർച്ചയ്ക്കായി കോൺഗ്രസ്സ് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മിറ്റി യോഗവും ഇന്ന് നടക്കും.

***********************

HEADLINE-1

## ELECTION (INTRO)

ഏഴ് ഘട്ടങ്ങളായി നടക്കുന്ന ലോക്സഭാ തിരഞ്ഞെടുപ്പിന്റെ ഒന്നാംഘട്ട തെരഞ്ഞെടുപ്പ് വിജ്ഞാപനം കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ നാളെ പുറപ്പെടുവിക്കും.

21 സംസ്ഥാനങ്ങളിലെ 102 മണ്ഡലങ്ങളിലാണ് ആദ്യ ഘട്ടത്തിൽ വോട്ടെടുപ്പ്. സ്വതന്ത്രവും നീതിയുക്തവുമായ ക്രമീകരണങ്ങൾ ഉറപ്പുവരുത്തണമെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ സംസ്ഥാന-ജില്ലാ ഭരണകൂടങ്ങൾക്ക് നിർദ്ദേശം നല്കി. **വിശദാംശങ്ങളിലേക്ക്............**

**(വോയ്സ്)**

ആദ്യ ഘട്ടം പോളിംഗ് നടക്കുന്ന ബിഹാർ ഒഴികെയുള്ള സംസ്ഥാനങ്ങളിൽ നാമനിർദ്ദേശ പത്രിക സമർപ്പിക്കാനുള്ള സമയപരിധി ഈ മാസം 27 വരെയാണ്. പത്രികയുടെ സൂക്ഷ്മപരിശോധന 28-ന് നടക്കും. പത്രികകൾ 30 വരെ പിൻവലിക്കാം. ബിഹാറിൽ പത്രിക സമർപ്പിക്കാനുള്ള സമയപരിധി ഈ മാസം 28 വരെയാണ്. സൂക്ഷ്മ പരിശോധന 30 നുമാണ്. 21 സംസ്ഥാനങ്ങളിൽ ഏപ്രിൽ 19 നാണ് ഒന്നാം ഘട്ട വോട്ടെടുപ്പ്. വോട്ടെണ്ണൽ ജൂൺ നാലിന് നടക്കും. സിക്കിം, അരുണാചൽ പ്രദേശ് നിയമസഭാ തെരഞ്ഞെടുപ്പുകളുടെ വിജ്ഞാപനവും നാളെ പുറപ്പെടുവിക്കും. ഏപ്രിൽ 19 നാണ് ഇരു സംസ്ഥാനങ്ങളിലും വോട്ടെടുപ്പ്. കേരളത്തിൽ തിരഞ്ഞെടുപ്പ് രണ്ടാം ഘട്ടമായ ഏപ്രിൽ 26 ന് നടക്കും. അവസാന ഘട്ട വോട്ടെടുപ്പ് ജൂൺ ഒന്നിനാണ്. വോട്ടെണ്ണൽ ജൂൺ 4 ന് നടക്കും. പശ്ചിമ ബംഗാൾ, ഉത്തർ പ്രദേശ്, ബീഹാർ എന്നീ സംസ്ഥാനങ്ങളിൽ ഏഴ് ഘട്ടങ്ങളിലായാണ് തിരഞ്ഞെടുപ്പ് നടക്കുക. സ്വതന്ത്രവും നീതിയുക്തവുമായ തിരഞ്ഞെടുപ്പ് ക്രമീകരണങ്ങൾ ഉറപ്പാക്കാൻ സംസ്ഥാന ജില്ലാ ഭരണകൂടങ്ങൾക്കും തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശം നല്കിയിട്ടുണ്ട്. വ്യാജമദ്യം, പണം എന്നിവയുടെ ഒഴുക്ക് തടയുന്നതിനും വിവിധ സ്ക്വാഡുകൾ പ്രവർത്തനം തുടങ്ങിയതായി തിരഞ്ഞെടുപ്പ് ഓഫീസർമാർ അറിയിച്ചു. എല്ലാ സംസ്ഥാനങ്ങളിലും മുന്നണികൾക്കിടയിലെ സീറ്റ് വിഭജന ചർച്ചകൾ അവസാനഘട്ടത്തിലാണ്. സ്ഥാനാർഥി നിർണ്ണയം പൂർത്തിയായ മണ്ഡലങ്ങളിൽ പ്രചാരണ പരിപാടികളും സജീവമാണ്. **ന്യൂസ് ഡസ്ക്, ആകാശവാണി..........**

************************

## ELECTION KERALA

കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിലെ ലോക്സഭാ തിരഞ്ഞെടുപ്പിനുള്ള വിജ്ഞാപനം ഈ മാസം 28 ന് പുറപ്പെടുവിക്കും. 13 സംസ്ഥാനങ്ങളിലെ 89 മണ്ഡലങ്ങളിലാണ് ഏപ്രിൽ 26 ന് രണ്ടാം ഘട്ടത്തിൽ വോട്ടെടുപ്പ്. അടുത്തമാസം 4 വരെ നാമനിർദേശ പത്രിക സമർപ്പിക്കാം. ഏപ്രിൽ 5 നാണ് സൂക്ഷ്മ പരിശോധന. ഏപ്രിൽ 8 വരെ പത്രിക പിൻവലിക്കാൻ അവസരമുണ്ട്.

**********************

## J&K-ELECTION-CAPFs

കേന്ദ്രഭരണപ്രദേശമായ ജമ്മു കാശ്മീരിൽ വരാനിരിക്കുന്ന ലോക്സഭാ തിരഞ്ഞെടുപ്പിന്റെ സുഗമമായ നടത്തിപ്പിനായി വിവിധ സേനാ വിഭാഗങ്ങളെ അണിനിരത്തുമെന്ന് അധികൃതർ അറിയിച്ചു. കേന്ദ്ര ആഭ്യന്തര മന്ത്രാലയം വിന്യസിക്കുന്ന സിഎപിഎഫ് അംഗങ്ങളെ കൂടാതെയാണ് ഇത്. ഭീകരവാദ പ്രവർത്തനങ്ങൾ തടയാൻ കശ്മീർ താഴ് വരയിലും അതിർത്തി ജില്ലകളായ രജൗരി, പൂഞ്ച് മേഖലകളിലും അധികമായി സിഎപിഎഫ് സംഘത്തെ വിന്യസിക്കും. ഏപ്രിൽ 19 മുതൽ അഞ്ച് ഘട്ടമായാണ് ജമ്മു കാശ്മീരിൽ ലോക്സഭാ തിരഞ്ഞെടുപ്പ് നടക്കുന്നത്.

**********************

HEADLINE-4

## REV. PASHUPATI PARAS- RESIGNATION

കേന്ദ്രമന്ത്രിയും രാഷ്ട്രീയ ലോക് ജനശക്തി പാർട്ടി അധ്യക്ഷനുമായ പശുപതി കുമാർ പരസ് മന്ത്രിസഭയിൽ നിന്ന് രാജിവച്ചു. ബീഹാറിൽ രാഷ്ട്രീയ ലോക് ജൻശക്തി

പാർട്ടിയ്ക്ക് സീറ്റ് ലഭിക്കാത്തതിനെ തുടർന്നാണ് രാജി. ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് സംസാരിക്കവെയാണ് തന്റെ പാർട്ടിയോട് അനീതി കാണിച്ചെന്ന് ആരോപിച്ച് പരസ് രാജി പ്രഖ്യാപിച്ചത്. .

**********************

**HEADLINE-3**

## SC-CAA

പൗരത്വ ഭേദഗതി നിയമം ചോദ്യം ചെയ്ത് സമർപ്പിച്ച ഹർജികളിൽ മറുപടി നൽകാൻ കേന്ദ്ര സർക്കാരിന് സുപ്രീം കോടതി മൂന്നാഴ്ച സമയം നൽകി. കേന്ദ്രത്തിന്റെ വിശദീകരണം ഏപ്രിൽ 8 നകം സമർപ്പിക്കണം. കേസ് ഏപ്രിൽ 9 ന് വീണ്ടും കോടതി പരിഗണിക്കും.
ചീഫ് ജസ്റ്റിസ് ഡി വൈ ചന്ദ്രചൂഡ്, ജസ്റ്റിസ് പർദ്ദിവാല, ജസ്റ്റിസ് മനോജ് മിശ്ര എന്നിവരടങ്ങിയ ബെഞ്ചാണ് ഹർജികൾ പരിഗണിച്ചത്. അതേസമയം, നിയമം സ്റ്റേ ചെയ്യണമെന്ന ഹർജ്ജിക്കാരുടെ ആവശ്യം സുപ്രീം കോടതി നിരസിച്ചു. കേരള സർക്കാരും, ഇന്ത്യൻ യൂണിയൻ മുസ്ലിം ലീഗ്, ഡിവൈഎഫ്ഐ ഉൾപ്പടെയുള്ള സംഘടനകളുമാണ് നിയമത്തിനെതിരായി സുപ്രീം കോടതിയെ സമീപിച്ചത്.

**********************

## ELECTION – NAME

ലോക്സഭാ തിരഞ്ഞെടുപ്പിനോടനുബന്ധിച്ച് വോട്ടർ പട്ടികയിൽ ഇതുവരെ പേര് ചേർത്തിട്ടില്ലാത്തവർക്ക് ഈ മാസം 25 വരെ പേര് ചേർക്കാൻ അവസരം. നാമനിർദേശ പത്രിക സമർപ്പിക്കാനുള്ള അവസാന തിയതിയുടെ പത്തുദിവസം മുമ്പുവരെയാണ് വോട്ടർ പട്ടികയിൽ പേര് ചേർക്കാൻ അവസരമുള്ളത്.

**********************

## NIA-PFI

പാലക്കാട്ടെ ആർ.എസ്.എസ് നേതാവ് ശ്രീനിവാസനെ കൊലപ്പെടുത്തിയ കേസിൽ നിരോധിത സംഘടനയായ പോപ്പുലർ ഫ്രണ്ട് ഓഫ് ഇന്ത്യയുടെ നേതാവ് അറസ്റ്റിൽ. സംഘടനയുടെ പ്രധാന അംഗമായ ഷെഫീക്കിനെ ദേശീയ അന്വേഷണ ഏജൻസിയാണ് അറസ്റ്റ് ചെയ്തത്. 2022 ഏപ്രിൽ 16 ന് പാലക്കാട് ശ്രീനിവാസനെ കൊലപ്പെടുത്തിയതിന് ശേഷം ഇയാൾ ഒളിവിലായിരുന്നു.

**********************

HEADLINE-5

## POLICE - ELECTION

ലോക്സഭാ തിരഞ്ഞെടുപ്പിനോടനുബന്ധിച്ച് സാമൂഹ്യ മാധ്യമങ്ങൾ നിരീക്ഷിക്കാൻ സംസ്ഥാനത്ത് പ്രത്യേക പൊലീസ് സംഘത്തെ നിയോഗിച്ചു. ഡി ജി പി ഷെയ്ഖ് ദർവേഷ് സാഹിബിന്റെ നിർദ്ദേശപ്രകാരമാണ് പ്രത്യേക സംഘത്തിന് രൂപം നല്കിയത്. തിരഞ്ഞെടുപ്പ് മാനദണ്ഡങ്ങൾ ലംഘിക്കുന്ന തരത്തിലുള്ള സാമൂഹ്യമാധ്യമ ഇടപെടലുകളെക്കുറിച്ച് പോലീസ് സോഷ്യൽ മീഡിയ നിരീക്ഷണസംഘങ്ങൾക്ക് വാട്സാപ്പിലൂടെ പൊതുജനങ്ങൾക്കും വിവരം നൽകാം.

**********************

## INCOME TAX - ELECTION

പൊതു തെരഞ്ഞെടുപ്പിൽ കള്ളപ്പണത്തിന്റെ സ്വാധീനം ഒഴിവാക്കുന്നതിന് ഇൻകം ടാക്സ് വകുപ്പ് സജ്ജമാണെന്ന് ആദായ നികുതി വകുപ്പ് ഇൻവെസ്റ്റിഗേഷൻ ഡയറക്ടർ ജനറൽ ദേബ് ജ്യോതിദാസ്. ഇതിനായി കേരളത്തിലെയും ലക്ഷദ്വീപിലെയും വിമാനത്താവളങ്ങളിലും തുറമുഖങ്ങളിലും, ജില്ലാ കേന്ദ്രങ്ങളിലും 150 ഓളം പ്രത്യേക ടീമിനെ വിന്യസിച്ചിട്ടുണ്ടെന്നും അദ്ദേഹം കൊച്ചിയിൽ വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

**********************

## MAHARASHTRA-NAXALS KILLED

മഹാരാഷ്ട്രയിലെ ഗഡ്ചിറോളി ജില്ലയിലെ റെപൻപള്ളി വനത്തിനുള്ളിൽ സുരക്ഷാ സേനയുമായി നടന്ന ഏറ്റുമുട്ടലിൽ നാല് നക്സലുകൾ കൊല്ലപ്പെട്ടു. പ്രദേശത്ത് നക്സലുകളുടെ സാന്നിധ്യത്തെക്കുറിച്ച് ഇന്നലെ ഉച്ചയോടെ രഹസ്യവിവരം ലഭിച്ചതിനെ തുടർന്നാണ് തെരച്ചിൽ നടത്തിയതെന്ന് പോലീസ് അറിയിച്ചു.

**********************

## GOVERNOR- TELANGANA/PUDUCHERRY

ഝാർഖണ്ഡ് ഗവർണർ സി പി രാധാകൃഷ്ണന് തെലങ്കാന ഗവർണറുടെയും പുതുച്ചേരി ലെഫ്റ്റനന്റ് ഗവർണറുടെയും അധിക ചുമതല നൽകി. മുൻ ഗവർണർ തമിഴിസൈ സൗന്ദരരാജൻറെ രാജി രാഷ്ട്രപതി ദ്രൗപദി മുർമു സ്വീകരിച്ചതിന് പിന്നാലെയാണ് നിയമനം. തെലങ്കാന ഗവർണർ സ്ഥാനവും പുതുച്ചേരി ലെഫ്റ്റനൻറ് ഗവർണർ സ്ഥാനവും ശ്രീമതി സൗന്ദരരാജൻ ഇന്നലെ രാജി വച്ചിരുന്നു.

***********************

## COURT- SISODIA

ഡൽഹിയിലെ മദ്യനയ അഴിമതിക്കേസിൽ ആം ആദ്മി പാർട്ടി നേതാവ് മനീഷ് സിസോദിയയുടെ ജുഡീഷ്യൽ കസ്റ്റഡി ഏപ്രിൽ 6 വരെ നീട്ടി. ഡൽഹി റോസ് അവന്യൂ കോടതിയാണ് കസ്റ്റഡി കാലാവധി നീട്ടിയത്.

***********************

## FUR. REV. BJP - KEJRIWAL

ഡൽഹി എക്സൈസ് നയവുമായി ബന്ധപ്പെട്ട കേസിൽ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിന്റെ സമൻസ് ആവർത്തിച്ച് ഒഴിവാക്കിയതിന് എഎപി കൺവീനറും, ഡൽഹി മുഖ്യമന്ത്രിയുമായ അരവിന്ദ് കെജ്‌രിവാളിനെതിരെ വിമർശനവുമായി ബിജെപി. ഈ കേസിൽ അദ്ദേഹത്തിനെതിരെ മതിയായ തെളിവുകളുണ്ടെന്ന് പാർട്ടി വക്താവ് സംബിത് പത്ര ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു. അതേസമയം, കേന്ദ്രസർക്കാർ ഇഡിയെ രാഷ്ട്രീയ ആയുധമാക്കുകയാണെന്ന് എഎപി നേതാവ് അതിഷി ആരോപിച്ചു.

***********************

## DGP WB

1989 ബാച്ച് ഐപിഎസ് ഉദ്യോഗസ്ഥനായ സഞ്ജയ് മുഖർജി പശ്ചിമ ബംഗാളിന്റെ ഡി ജി പി-യായി ചുമതലയേൽക്കും. തിരഞ്ഞെടുപ്പിന് മുന്നോടിയായി നിയമിച്ച വിവേക് സഹായിയ്ക്ക് പകരമാണ് നിയമനം. നേരത്തെ ഫയർ ആൻഡ്

എമർജൻസി സർവീസുകളുടെ ചുമതലയാണ് സഞ്ജയ് മുഖർജി നിർവ്വഹിച്ചിരുന്നത്.

**********************

## ACCIDENT - IDUKKI

ഇടുക്കി മാങ്കുളം ആനക്കുളം റോഡിൽ വിനോദ സഞ്ചാരികളുമായി വന്ന ട്രാവലർ കൊക്കയിലേക്ക് മറിഞ്ഞ് മൂന്ന് പേർ മരിച്ചു. 11 പേർക്ക് പരിക്കേറ്റു. തമിഴ്നാട് സ്വദേശികൾ സഞ്ചരിച്ച വാഹനമാണ് അപകടത്തിൽപ്പെട്ടത്. മൂന്ന് വയസുള്ള കുട്ടിയുൾപ്പെടെ മൂന്ന് പേരാണ് മരിച്ചത്. പരിക്കേറ്റവരിൽ രണ്ട് പേരുടെ നില ഗുരുതരമാണ്. പരിക്കേറ്റവരെ അടിമാലി താലൂക്കാശുപത്രിയിൽ പ്രവേശിപ്പിച്ചു.

**********************

## KERALA – HOT

കേരളത്തിൽ കനത്ത ചൂട് തുടരുന്നു. 10 ജില്ലകളിൽ നാളെ വരെ കേന്ദ്ര കാലാവസ്ഥാ വകുപ്പ് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. പാലക്കാട്, കൊല്ലം ജില്ലകളിൽ ഉയർന്ന താപനില 39 ഡിഗ്രി സെൽഷ്യസ് വരെയും ആലപ്പുഴ, കോഴിക്കോട് ജില്ലകളിൽ ഉയർന്ന താപനില 38 ഡിഗ്രി സെൽഷ്യസ് വരെയും കോട്ടയം, പത്തനംതിട്ട, തൃശ്ശൂർ ജില്ലകളിൽ 37 ഡിഗ്രി സെൽഷ്യസ് വരെയും തിരുവനന്തപുരം, എറണാകുളം, കണ്ണൂർ ജില്ലകളിൽ താപനില 36 ഡിഗ്രി സെൽഷ്യസ് വരെയും ഉയരാൻ സാധ്യതയുണ്ടെന്നാണ് മുന്നറിയിപ്പ്.

*******************************************************

**********************